(4) ഫീസ് ഈടാക്കിയുള്ള വളം, കീടനാശിനികൾ തുടങ്ങിയ ഉൽപ്പന്നങ്ങളുടെ പരിശോധന വിലയിരുത്തൽ, കാർഷികോപദേശ സർവ്വീസ് പരിശീലന പരിപാടികൾ.

(ഇ) ഉണ്ട്.

(എഫ്) എട്ട് കോടി രൂപ.

വനഭൂമിയുടെ വിസ്തൃതി

*19 [79] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനഭൂമി സംരക്ഷിക്കുന്നതിനും വനപ്രദേശങ്ങളിൽ കൂടുതൽ വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ വനഭൂമിയുടെ വിസ്തൃതി എത്രയാണ്;

(സി) ഇത് പരിസ്ഥിതി സന്തുലനത്തിന് ആവശ്യമായതിന്റെ എത്ര ശതമാനമാണ് എന്ന് അറിയിക്കാമോ;

(ഡി) കേരളത്തിന്റെ വനവിസ്തൃതി രാജ്യത്തെ മുഴുവൻ വനവിസ്തൃതിയുടെ ശരാശരിയേക്കാൾ കൂടുതലാണോ;

(ഇ) വനഭൂമി സ്വകാര്യവ്യക്തികൾ കൈവശപ്പെടുത്തുന്നത് തടയുന്നതിനും കോടതിവിധി അനുസരിച്ച് കൈവശപ്പെടുത്തുന്നതിന് എതിരെ അപ്പീൽ സമർപ്പിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

വനവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ)

(എ) സംസ്ഥാനത്തെ വനാതിർത്തികൾ സ്ഥിരം ജണ്ടകൾ കെട്ടി സംരക്ഷിക്കുന്നു. വനം കൈയേറ്റവും വനം കൊള്ളയും തടയുന്നതിനും നിരന്തര പട്രോളിംഗ് നടത്തുന്നുണ്ട്. ആസൂത്രിതമായും പെട്ടെന്നുണ്ടാകുന്നതുമായ വനം കൈയ്യേറ്റങ്ങളും കുറ്റകൃത്യങ്ങളും തടയുന്നതിന് കോന്നി, നിലമ്പൂർ ആസ്ഥാനമായി ദ്രുത കർമ്മസേനയുടെ 2 യൂണിറ്റുകൾ സജീവമായി പ്രവർത്തിച്ചുവരുന്നു. നിലവിലുള്ള ഫോറസ്റ്റ് സ്റ്റേഷനുകൾ കൂടുതൽ സജ്ജമാക്കിയും സംരക്ഷണ ജീവനക്കാർക്ക് ആധുനിക വാർത്താവിനിമിയ സംവിധാനങ്ങൾ നൽകിയും പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നുണ്ട്. വനകുറ്റകൃത്യങ്ങൾ മാത്രം കൈകാര്യം ചെയ്യുന്നതിനായി കോടതികളും നിലവിലുണ്ട്. വനം കേസുകൾ കൈകാര്യം ചെയ്യുന്നതിനായി ഹൈക്കോടതിയിൽ പ്രത്യേക ഗവൺമെന്റ് പ്ലീഡറേയും നിയോഗിച്ചിട്ടുണ്ട്. പൊതുജനങ്ങൾ ഗിരിജനങ്ങൾ എന്നിവരെ ഉൾപ്പെടുത്തി വനസംരക്ഷണ സമിതികളും ഫലപ്രദമായി പ്രവർത്തിച്ചുവരുന്നു. വനഭൂമിയിലെ കൈയേറ്റങ്ങൾ ഒഴിവാക്കുന്നതിനും വനഭൂമി വീണ്ടെടുക്കുന്നതിനുമായി ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റിയും കൺസർവേറ്ററുടെ നേതൃത്വത്തിൽ സർക്കിൾലവൽ കമ്മിറ്റികളും നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ

LIBRARY ARCHIVES Kerala Legislative Assembly

പ്രക്ഷീണ വനങ്ങളിൽ വനവൽക്കരണം പരിഹാര വനവൽക്കരണം ഇവ നടത്തി വരുന്നു. കൂടാതെ ഔഷധ വൃക്ഷങ്ങളും സസ്യങ്ങളും നട്ടുവളർത്തുന്നണ്ട്. മൂപ്പെത്തിയ തോട്ടങ്ങൾ വെട്ടിമാറ്റി പുതിയ തൈകൾ വെച്ചുപിടിപ്പിക്കുന്നു. പരാജയപ്പെട്ട തോട്ടങ്ങൾ പുനരുജ്ജീവിപ്പിക്കുന്നു.

(ബി) സർക്കാർ ഉടമസ്ഥതയിലുള്ള വനഭൂമിയുടെ വിസ്തൃതി 11221 ചതുരശ്ര കിലോമീറ്ററാണ്..

(സി) കേരളത്തിൽ നിലവിലുള്ള വനവിസ്തൃതി പരിസ്ഥിതി സന്തുലനത്തിന് ആവശ്യമായതിന്റെ 87 ശതമാനമാണ്.

(ഡി) കൂടുതലാണ്.

(ഇ) വനഭൂമി സ്വകാര്യ വ്യക്തികൾ കൈവശപ്പെടുത്തുന്നത് തടയുന്നതിന് നിതാന്തജാഗ്രത പുലർത്തുന്നുണ്ട്. കോടതി വിധിയനുസരിച്ച് കൈയ്യേറ്റക്കാർ കൈവശം വെച്ചുവരുന്ന ഭൂമി വീണ്ടെടുക്കുന്നതിന് ആവശ്യമായ നിയമനടപടികൾ കൈക്കൊള്ളുന്നുണ്ട്. 1971-ലെ സ്വകാര്യ വനം നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും നിയമപ്രകാരം ഏറ്റെടുത്ത് സർക്കാരിൽ നിക്ഷിപ്തമാക്കിയ വനഭൂമിയിൽ നിന്നും നിയമത്തിന്റെ വകുപ്പ് 3(2) 3(3) പ്രകാരം അവകാശവാദം ഉന്നയിച്ച പല സ്വകാര്യ വ്യക്തികളും കോടതികളിൽ നിന്നും അനുകൂലവിധി സമ്പാദിച്ച കേസ്സുകളിൽ നിയമോപദേശം അനുസരിച്ച് ഉചിതമായവർക്ക് അപ്പീൽ സമർപ്പിച്ച് തുടർനടപടികൾ കൈക്കൊള്ളുന്നുണ്ട്.

'നഗരത്തിൽ ഒരു നാട്ടിൻപുറം' പദ്ധതി

*20 [80] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ

(എ) 'നഗരത്തിൽ ഒരു നാട്ടിൻപുറം' പദ്ധതിയുടെ ഉദ്ദ്യേശ്യ ലക്ഷ്യങ്ങൾ വിശദീകരിക്കുമോ;

(ബി) ഈ സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തൊട്ടാകെ എത്ര പ്രദേശങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കുന്നു എന്ന് വ്യക്തമാക്കുമോ;

(സി) ഇതിനകം എത്ര യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞെന്ന് അറിയിക്കുമോ;

(ഡി നഗരപ്രദേശങ്ങളിൽ ഗുണനിലവാരമുള്ള വാഴത്തൈകളും, കുരുമുളകുവള്ളികളും കൂടി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly